**Lalith Babu**

# ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് സാക്ഷ്യപത്രം നൽകുവാൻ അതത് സ്ഥലത്തെ ഗ്രാമ/ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകാം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 - ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ ഹാജരാക്കേണ്ട സാക്ഷ്യപത്രം നൽകാൻ അതത് ഗ്രാമ/ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

.................. ..................... ................................... ................................... ............................. ...............................

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(കൈ) നം.145/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 13-08-2014

.................. ..................... ......................... .................... ................. ............................. ...............................

പരാമർശം 1) സ.ഉ.(കൈ.) നം.198/2007/തസ്വഭവ, തീയതി 16.08.2007

2) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സമർപ്പിച്ച നിവേദനങ്ങൾ

ഉത്തരവ്

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം, വിവരവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് ഫീസൊടുക്കാതെ ലഭിക്കുന്നതിനായി ഹാജരാക്കേണ്ട സാക്ഷ്യപത്രം നൽകുന്നതിന് അതത് ബ്ളോക്ക് ഡെവലപ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു.

2) മേൽ സാക്ഷ്യപത്രം ലഭിക്കുന്നതിനായി, പഞ്ചായത്ത് കേന്ദ്രത്തിൽ നിന്നും ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലേയക്ക് ദീർഘദൂര യാത്ര ചെയ്യേണ്ടിവരുന്നുണ്ടെന്നും, ഇതുമൂലം ഗ്രാമപ്രദേശത്തുള്ളവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ വലിയ യാത്രാക്ളേശവും കാലതാമസവും ഉണ്ടാകുന്നുണ്ടെന്നും ആയതിനാൽ ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം സർക്കാരിന് നിവേദനങ്ങൾ ലഭിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ ഫീസൊടുക്കാതെ ലഭിയ്ക്കുന്നതിന് സാക്ഷ്യപത്രം നൽകുവാൻ അതത് സ്ഥലത്തെ ഗ്രാമ/ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ.രാജൻ ഖോബ്രാഗഡെ
സെക്രട്ടറി